**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1763** **20-06-2024 - ൽ മറുപടിയ്ക്ക്**

**നാലുവർഷ ബിരുദ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ വി കെ പ്രശാന്ത്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിന് അടിസ്ഥാനമായി പ്രസ്താവിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | നാലുവർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കുന്നത്, വിദ്യാർത്ഥികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുക, ഗവേഷണ താത്പര്യം ഉള്ള വിദ്യാർത്ഥികൾക്ക് അതിനുള്ള അവസരം ഉണ്ടാക്കുക എന്നീ ആശയങ്ങൾ കൂടി ഉൾക്കൊണ്ടുകൊണ്ടാണ്. സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും ഈ അദ്ധ്യായന വർഷം മുതൽ മൂന്നുവർഷം കഴിയുമ്പോൾ ബിരുദം നേടി എക്സിറ്റ് ചെയ്യാനും താൽപര്യമുള്ളവർക്ക് നാലാം വർഷം തുടർന്ന് ക്യാപ്സ്റ്റോൺ പ്രൊജക്റ്റ് ഉള്ള ഹോണേഴ്സ് ബിരുദം നേടാനും, റിസർച്ച് താൽപര്യം ഉള്ളവർക്ക് ഹോണേഴ്സ് വിത്ത് റിസർച്ച് ബിരുദം നേടാനും കഴിയുന്ന തരത്തിലുള്ള ബിരുദ പ്രോഗ്രാമുകളാണ് നിലവിൽ വരുന്നത്. നിലവിലുള്ള മൂന്ന് വർഷ ബിരുദ പ്രോഗ്രാമുകളിൽ നിന്നും വ്യത്യസ്തമായി, വിദ്യാർത്ഥി കേന്ദ്രീകൃതമായാണ് നാല് വർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കുന്നത്.<br><br>വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് വിഷയങ്ങൾ തെരഞ്ഞെടുക്കാനുള്ള അവസരം നൽകുന്നുണ്ട്. കൂടാതെ, നിലവിലുള്ള മൂന്ന് വർഷ ബിരുദ പ്രോഗ്രാമിൽ നിന്നും വ്യത്യസ്തമായി, നൈപുണ്യവികാസനത്തിന് ഊന്നൽ നൽകിയും വിദ്യാർത്ഥികളുടെ തൊഴിൽ സാദ്ധ്യതകൾ പരിഗണിച്ചുമാണ് വ്യത്യസ്തമായ കോഴ്സുകൾ രൂപകല്പന ചെയ്തിട്ടുള്ളത്. മൂന്നുവർഷ ബിരുദം, നാല് വർഷ ഓണേഴ്സ് ബിരുദം, നാല് വർഷ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം എന്നിവ സാധ്യമാക്കും വിധത്തിലാണ് നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ റെഗുലേഷൻ രൂപീകരിച്ചിട്ടുള്ളത്. നാല് വർഷ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദത്തിന് ശേഷം, നേരിട്ട് പി എച്ച് ഡി ക്ക് പ്രവേശനം നേടുന്നതിനുള്ള അവസരവും വിദ്യാർത്ഥികൾക്ക് ലഭ്യമാണ്. ഓൺലൈൻ കോഴ്സുകൾ വഴിയും |

| | | | |
|---|---|---|---|
| | | | ക്രെഡിറ്റുകൾ സമാഹരിച്ച് അക്കാഡമിക് ബാങ്ക് ഓഫ് ക്രെഡിറ്റിലേക്ക് കൈമാറാവുന്നതാണ്. |
| (ബി) | എങ്കിൽ നാലുവർഷ പ്രോഗ്രാമുകളെ സംബന്ധിച്ച് സമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | 2024-25 അക്കാദമിക വർഷം മുതൽ കേരള, എം.ജി., കോഴിക്കോട്, ശ്രീശങ്കരാചാര്യ സംസ്കൃത, തുഞ്ചത്തെഴുത്തച്ഛൻ മലയാളം, കണ്ണൂർ, കുസാറ്റ്, ശ്രീനാരായണ ഓപ്പൺ സർവ്വകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നു. ഇതിന് ആവശ്യമായ കരിക്കുലം ചട്ടക്കൂട്, നാലുവർഷ ബിരുദ പ്രോഗ്രാമുകൾ റെഗുലേഷൻ, പുതിയ സിലബസ് എന്നിവ രൂപീകരിച്ചു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലന പരിപാടികൾ (Master Trainers Workshops), കോളേജ് അദ്ധ്യാപകർക്ക് ജില്ലാതല ഓറിയെന്റേഷൻ പരിപാടികൾ, പ്ലസ് ടു വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. ഇതിനു പുറമേ, ഫൗണ്ടേഷൻ കോഴ്സുകൾക്കാവശ്യമായിട്ടുള്ള പുസ്തകങ്ങൾ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ പ്രസിദ്ധീകരിച്ചു. ഇതു സംബന്ധിച്ച് പത്ര മാധ്യമങ്ങളിൽ ലേഖനങ്ങൾ, സാമൂഹ്യ മാധ്യമങ്ങളിൽ വീഡിയോകൾ, പോസ്റ്ററുകൾ, ദൃശ്യമാധ്യമങ്ങളിൽ ഇന്റർവ്യൂകൾ എന്നിങ്ങനെ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) | നാലുവർഷ ബിരുദ കോഴ്സുകൾക്ക് ചേരുന്ന വിദ്യാർത്ഥികൾക്ക് ഇടയ്ക്ക് വച്ച് പഠനം നിർത്തുന്നതിനും പിന്നീട് അതേ കോഴ്സിനോ മറ്റ് കോഴ്സുകൾക്കോ ചേരുന്നതിനും വ്യവസ്ഥയുണ്ടോ; | (സി) | പഠനത്തിനിടയ്ക്ക് ഇടവേളയെടുക്കാനും, കോളേജോ സർവ്വകലാശാലയോ മാറാനുള്ള സ്വാതന്ത്ര്യം വിദ്യാർത്ഥികൾക്ക് നൽകുന്നു. ഇവയെല്ലാം K-REAP(Kerala Resource for Education Administration and Planning) എന്ന സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ ഏകീകരിക്കുന്നതാണ്. അഡ്മിഷൻ എടുത്ത് 7 വർഷത്തിനുള്ളിൽ ബിരുദം പൂർത്തീകരിച്ചാൽ മതിയാകും. പഠനത്തിനിടക്ക് ആവശ്യമെങ്കിൽ ഇടവേള എടുത്ത് പിന്നീട് തിരിച്ചു വന്നും ബിരുദം പൂർത്തീകരിക്കാൻ സാധിക്കും. അത്തരം ഘട്ടങ്ങളിൽ വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്നതിന് അധിക സീറ്റ് സൂപ്പർ ന്യൂമററിയായി സൃഷ്ടിക്കാവുന്നതാണ്. വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന ക്രെഡിറ്റുകൾ അക്കാഡമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്സ് (ABC) ൽ നിക്ഷേപിക്കാവുന്നതാണ്. ഇടവേള എടുത്തതിനുശേഷം മറ്റു കോളേജുകളിലും പഠനം തുടരാൻ ഇത് സഹായകരമാകും. |

| | | | |
|---|---|---|---|
| (ഡി) | ഒരേ സമയം ഒരു വിദ്യാർത്ഥിക്ക് ഒന്നിലധികം ബിരുദ കോഴ്സുകളിൽ ചേരുന്നതിന് സൗകര്യമുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഡിഗ്രി പഠനത്തിനായി വിവിധ പാത്ത് വേകൾ തിരഞ്ഞെടുക്കാൻ വിദ്യാർത്ഥികൾക്ക് അവസരമുണ്ട്. ഇത്തരത്തിൽ വിദ്യാർത്ഥികൾക്ക് തിരഞ്ഞെടുക്കാൻ കഴിയുന്ന വിവിധ പാത്ത് വേകൾ പ്രോഗ്രാമിന്റെ തുടക്കത്തിൽ തന്നെ സർവ്വകലാശാലകൾ പ്രസിദ്ധീകരിക്കും. മേജർ വിത്ത് മൈനർ, സിംഗിൾ മേജർ, ഡബിൾ മേജർ, മേജർ വിത്ത് മൾട്ടിപ്പിൾ മൈനർ, ഇന്റർ ഡിസിപ്ലിനറി മേജർ എന്നിങ്ങനെ വിവിധ പാത്ത് വേകൾ വിദ്യാർത്ഥികൾക്ക് സ്വീകരിക്കാം. ഇത്തരത്തിൽ വിവിധ പാത്ത് വേകളിൽ കൂടി ബിരുദ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് അവരുടെ താല്പര്യപ്രകാരമുള്ള മൈനർ വിഷയങ്ങൾ പാത്ത് വേയുടെ ഭാഗമാക്കാൻ കഴിയും. നിലവിലെ യു.ജി.സി റെഗുലേഷൻ പ്രകാരം വിദ്യാർത്ഥികൾക്ക് രണ്ടു ബിരുദങ്ങൾ ഒരേ സമയം പൂർത്തീകരിക്കാൻ അവസരം ഉണ്ട്. ഇത് പ്രകാരം രണ്ടു ബിരുദങ്ങൾ ഒരേ സമയം റെഗുലർ ആയോ ഒരു ബിരുദം റെഗുലർ ആയും ഒരു ബിരുദം ഓൺലൈൻ/ഡിസ്റ്റൻസ് രീതിയിലോ പഠിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ